ചെന്നൈ ● 33 നീക്കങ്ങൾ. ക്ലോക്കിൽ അപ്പോഴും 20 മിനിറ്റ് പൂർത്തിയായിരുന്നില്ല. മാഗ്നസ് കാൾസൻ എന്ന ഒന്നാംനമ്പർതാരത്തിന്റെ സമയം തെളിഞ്ഞുവെന്ന് വ്യക്തമാക്കുന്നതായിരുന്നു ലോക ചെസ് ചാംപ്യൻഷിപ്പിലെ എട്ടാം ഗെയിം. 33 നീക്കങ്ങളിൽ സമനിലയിലവസാനിച്ച കളിയിൽ, ലൈറ്റ്നിങ് കിഡ് എന്നു പേരുകേട്ട ലോകചാംപ്യൻ വിശ്വനാഥൻ ആനന്ദ് 55 മിനിറ്റ് ചിന്തയിലാണ്ടപ്പോൾ അതിന്റെ മൂന്നിലൊന്നുമാത്രം ഉപയോഗിച്ച മാഗ്നസ് ചാംപ്യൻപ്പിൽ അനിഷേധ്യ മേധാവിത്തം തുടർന്നു. 12 ഗെയിം പരമ്പരയിൽ മൂന്നിൽ രണ്ടു ഭാഗം കഴിഞ്ഞപ്പോൾ മാഗ്നസ് രണ്ടു പോയിന്റ് നിലനിർത്തി (5–3). ഇന്നു കളിയില്ല. ആനന്ദിന് വെള്ളക്കരുക്കളുമായി ഒൻപതാം ഗെയിം നാളെ നടക്കും. ആറര പോയിന്റ് നേടുന്നയാൾക്കാണ് കിരീടം. 12 ഗെയിമുകളിൽ 6–6 സമനിലയായാൽ ടൈബ്രേക്കർ നടക്കും.

വെള്ളക്കരുക്കളുമായി രാജാവിന്റെ മുന്നിലുള്ള കാലാളെ നീക്കി ലോക ഒന്നാംനമ്പർതാരത്തിന്റെ ആദ്യനീക്കം. അതിവേഗം നാലഞ്ചുനീക്കങ്ങൾ കാണാറാണു പതിവെങ്കിലും ആനന്ദ് രണ്ടുമിനിറ്റോളം ചിന്തിച്ചതിനു ശേഷമാണ് ആദ്യ മറുപടി നൽകിയത്. ചാംപ്യൻഷിപ്പിൽ മാഗ്നസ് രണ്ടുതവണ ഫലപ്രദമായി ഉപയോഗിച്ച ബെർലിൻ മതിൽ ഇത്തവണ പടുത്തുയർത്തിയത് ആനന്ദായിരുന്നു. കറുപ്പിന് കാര്യമായ മുന്നേറ്റസാധ്യതയില്ലാത്ത എന്നാൽ സമനില സാധ്യതകൾ ധാരാളമുള്ള പ്രാരംഭനീക്കങ്ങൾ ആനന്ദ് സ്വീകരിച്ചത് അത്ഭുതപ്പെടുത്തി. കറുത്തകരുക്കൾ കൊണ്ട് പ്രത്യാക്രമണത്തിനു സാധ്യതയുള്ള സിസിലിയൻ പ്രതിരോധം അവലംബിക്കാത്തതിന് കളിക്കുശേഷമുള്ള വാർത്താസമ്മേളനത്തിൽ ആനന്ദിനു ന്യായീകരണങ്ങൾ ഉണ്ടായിരുന്നു. സിസിലിയനിലും മാഗ്നസ് വിരസമായ കരുനില കണ്ടെത്തിയേക്കാമെന്നായിരുന്നു ആനന്ദിന്റെ മറുപടി.

അതേസമയം, കളിയിൽ കൂടുതൽ സങ്കീർണതകളിലേക്ക് പോകാതിരിക്കാനുള്ള മാഗ്നസിന്റെ തീരുമാനം കൃത്യമായിരുന്നു. രണ്ടുപോയിന്റ് ലീഡുള്ളപ്പോൾ സമനില ഉറപ്പിക്കുക, അന്ത്യഘട്ടത്തിൽ എന്തെങ്കിലും സാധ്യതകളുയർന്നാൽ മുന്നേറ്റത്തിനു ശ്രമിക്കുക എന്ന തന്ത്രം ആ നീക്കങ്ങളിൽ വ്യക്തമായിരുന്നു.

താൻ അതുതന്നെയാണ് ലക്ഷ്യമിട്ടതെന്ന് കളിക്കുശേഷം മാഗ്നസ് തുറന്നുസമ്മതിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച ചോദ്യത്തിന് 'എന്റെ കളികണ്ടപ്പോഴേ അതു വ്യക്തമായില്ലേ' എന്നായിരുന്നു മാഗ്നസിന്റെ പ്രതികരണം.

12–ാനീക്കത്തിൽ ഇരുവരും ഓരോ റൂക്കിനെ വെട്ടിമാറ്റി. പതിനഞ്ചു നീക്കങ്ങൾക്ക് മാഗ്നസ് മൂന്നുമിനിറ്റു മാത്രമാണെടുത്തത്. അതേസമയം, ആനന്ദ് 15 മിനിറ്റിലധികമെടുത്തു. കൂടുതൽ ചിന്തിക്കാനില്ലാത്ത കരുനിലയായിരുന്നു അതെന്നും ആലോചിച്ച് സ്ഥിതി കൂടുതൽ വഷളാക്കേണ്ടതുണ്ടോയെന്നതുമായിരുന്നു കളിക്കുശേഷം ഈ പൊസിഷനെക്കുറിച്ച് മാഗ്നസിന്റെ വിലയിരുത്തൽ.

ഇതേനീക്കങ്ങൾ മുൻപുകണ്ട ഗ്രാൻഡ്മാസ്റ്റർ ഗെയിമുകളിലെല്ലാം സമനിലായിരുന്നു ഫലമെന്ന് ഗ്രാൻഡ്മാസ്റ്റർ ആർ.ബി. രമേഷും സൂസൻ പോൾഗറും പറഞ്ഞു. 17–ാംനീക്കത്തോടെ രണ്ടുപേരും മുൻപുകളികളിൽ കണ്ട കരുനിലയിൽനിന്നു വിട്ടുമാറി. 20–ാംനീക്കത്തിൽ ബിഷപ്പിനെ വെട്ടിമാറ്റാൻ നൽകിയ മാഗ്നസിന്റെ നീക്കം അതിവേഗ സമനിലയുടെ സൂചനകൾ നൽകി. കളിമുന്നോട്ടുനീക്കാൻ പുതിയ വഴികൾ തേടിയ ആനന്ദ് 22–ാംനീക്കത്തിൽ ചിന്തയിലാണ്ടു.. എന്നാൽ 24–ാംനീക്കത്തിൽ കാലാളും രാജാവും മാത്രമുള്ള അന്ത്യഘട്ടത്തിലേക്കും സമനിലയിലേക്കുമുള്ള എളുപ്പവഴി കാൾസൻ കണ്ടെത്തി. പിന്നീടുള്ള ഒൻപതു നീക്കങ്ങൾ ഔപചാരികം മാത്രമായിരുന്നു. രാജാവും കാലാളും മാത്രമുള്ള, മുന്നേറ്റസാധ്യയില്ലാത്ത നീക്കങ്ങൾക്കൊടുവിൽ ഇരുവരും കൈകൊടുത്തു.

''ഒരു ടൂർണമെന്റ് ഗെയിം മാത്രമായിരുന്നു ഇതെങ്കിൽ, ഒന്നാംനമ്പർ താരത്തിനെതിരെ കറുത്തകരുക്കൾകൊണ്ട് ആനന്ദിന്റെ ഇന്നത്തെ കളിഫലം മികച്ചതാവുമായിരുന്നു. പക്ഷേ, ചാംപ്യൻഷിപ്പിലെ സ്ഥിതിവച്ച് ആനന്ദിന്റെ ആരാധകരെ നിരാശരാക്കുന്ന കളി എന്നു മാത്രമേ പറയാനുള്ളൂ''–കളി വിലയിരുത്തി ഇന്റർനാഷണൽ മാസ്റ്ററും ചെസ് കോച്ചുമായ വിശാൽ സരീൻ മനോരമയോടു പറഞ്ഞു.

ചെന്നൈ● പ്രാരംഭനീക്കങ്ങളിലെ കണിശതയും അതിവേഗവും മധ്യഘട്ടത്തിലെ സംഘർഷഭരിതമായ നിമിഷങ്ങളെ മുതലെടുക്കാനുള്ള 'ടാക്റ്റിക്കൽ ' മികവുമായിരുന്നു ലോക ചാംപ്യൻ വിശ്വനാഥൻ ആനന്ദിനെ സൂപ്പർഗ്രാൻഡ്മാസ്റ്റർമാരുടെ ഇടയിൽ പേടിസ്വപ്നമാക്കിയത്. എന്നാൽ ആനന്ദിന്റെ ഈ കഴിവുകളെ ഒന്നൊന്നായി നിർവീര്യമാക്കിയാണ് മാഗ്നസ് കാൾസൻ ലോക ചെസ് ചാംപ്യൻപട്ടത്തിലേക്ക് കൂടുതൽ അടുക്കുന്നത്. ചാംപ്യൻഷിപ്പിൽ ഒരു കളിയിലും ആനന്ദിന്റെ പ്രാരംഭഘട്ട തയാറെടുപ്പുകളിൽ മാഗ്നസ് കുടുങ്ങിയില്ലെന്നു മാത്രമല്ല തന്റെ തന്ത്രങ്ങളിലേക്ക് ആനന്ദിനെ കുരുക്കി വീഴ്ത്തുന്നതിലും ലോക ഒന്നാംനമ്പർതാരം വിജയം കണ്ടു. ആനന്ദിന്റെ അതിവേഗത്തെ അതിലും വേഗത്തിൽ നേരിട്ട മാഗ്നസിന്റെ കൃത്യതയാർന്ന അന്ത്യഘട്ടനീക്കങ്ങൾ ആനന്ദിനെ പലപ്പോഴും സമ്മർദത്തിലാക്കി. ആദ്യ സമയനിയന്ത്രണത്തിൽമാത്രമല്ല അടുത്തസമയനിയന്ത്രണത്തിലും ആനന്ദ് സമ്മർദത്തിൽപ്പെടുന്നത് അത്യപൂർവ കാഴ്ചയായിരുന്നു.

കലാപഭരിതമായ നിമിഷങ്ങളുണ്ടാക്കി അതിൽ മികവുപ്രകടിപ്പിക്കാൻ മാഗ്നസ് ആനന്ദിനെ അനുവദിച്ചേയില്ല എന്നതാണു പ്രധാനകാര്യം. മൂന്നാം ഗെയിമിൽ മാത്രമാണ് ആനന്ദിന് വിജയത്തിലേക്ക് തേരുതെളിക്കാവുന്ന കരുനില രൂപപ്പെട്ടത്. എന്നാൽ, വിജയത്തിലേക്ക് എത്തിക്കാനുള്ള ആനുകൂല്യം ആനന്ദ് കണ്ടെത്താൻ ശ്രമിച്ചില്ലെന്നു മാത്രമല്ല 'കാൾസനെ ആനന്ദ് ഭയക്കുന്നു' എന്ന ക്രാംനിക് വചനത്തെ ന്യായീകരിക്കുന്ന പ്രകടനമായിരുന്നു കളിക്കളത്തിലും കളത്തിനു

പുറത്തും നടത്തിയത്. ആനന്ദിന്റെ ആത്മവിശ്വാസമില്ലായ്മ പ്രകടമായ നിമിഷങ്ങൾ. നിർണായകമായ അഞ്ചും ആറും ഗെയിമുകളിൽ തോൽവി വ്യക്തമാകുന്നതിനുമുമ്പേ ആനന്ദ് മാനസികമായി അടിയറവു പറഞ്ഞു. വാർത്താസമ്മേളനത്തിലും ആനന്ദിന്റെ ശരീരഭാഷയിലും അതുപ്രകടമായിരുന്നു. മാധ്യമപ്രവർത്തകർക്കു മുൻപിൽ കളി വിശകലനം ചെയ്ത ആനന്ദ് സമനില നിലനിന്ന കരുനിലയിൽത്തന്നെ തോൽവി ഉറപ്പെന്ന് വിലയിരുത്തി.
ഈ ചാംപ്യൻഷിപ്പിൽ ഏഴാംഗെയിം വരെയുണ്ടായ അഞ്ചു സമനിലകളിൽ ഒറ്റത്തവണമാത്രമായിരുന്നു നേരിട്ടു ചോദിച്ച് സമനില പിറന്നത്. അതു ചോദിച്ചത് ആനന്ദായിരുന്നു. എന്നാൽ, സമനില ഉറപ്പായ ആ ഗെയിം തുടർന്നുപോകാനായിരുന്നു മാഗ്നസിന്റെ തീരുമാനം. വിജയത്തിനായി അന്ത്യഘട്ടംവരെ പൊരുതും എന്ന മാഗ്നസിന്റെ ചങ്കൂറ്റമായി അതു വ്യാഖ്യാനിക്കപ്പെട്ടു. മൂന്നു കളികളിൽ ഒരേ പൊസിഷൻ ആവർത്തിച്ച് സാങ്കേതികമായ സമനില പിറക്കുകയായിരുന്നു.. അവശേഷിച്ച മൂന്നാം കളിയിൽ ചെക്ക്മേറ്റിനാവശ്യമായ കരുക്കളില്ലാതെ സമനിലയാകുകയായിരുന്നു.
ചുരുക്കത്തിൽ മാഗ്നസിന്റെ ആത്മവിശ്വാസത്തിനും കേളീമികവിനും മുൻപിൽ 'സ്വന്തം' കളിമറക്കുന്ന ആനന്ദിനെയാണ് കണ്ടത്. ആനന്ദിന് തിരിച്ചടിക്കാൻ ഇനി നാലു കളി മാത്രം. കിരീടം നിലനിർത്താൻ മൂന്നു ജയം വേണം. അല്ലെങ്കിൽ രണ്ടു ജയത്തോടെ ടൈബ്രേക്കറിലേക്ക് കളി നീട്ടണം. രണ്ടു പതിറ്റാണ്ടിലധികം അനുഭവസമ്പത്തുള്ള ആനന്ദിന് അതു സാധിക്കും എന്നു തന്നെയാണ് ആരാധകരുടെ പ്രതീക്ഷ.

ചെന്നൈ● 'ദ മാച്ച് സിറ്റ്വേഷൻ ഈസ് വെരി ക്ലിയർ'–ലോക ചാംപ്യൻഷിപ്പ് പോരാട്ടത്തിൽ തന്റെ അപകടകരമായ അവസ്ഥ സൂചിപ്പിച്ച് ആനന്ദിന്റെ വാക്കുകൾ മുഴങ്ങി. നാലു കളികൾ മാത്രം. രണ്ടു പോയിന്റ് പിന്നിലുള്ള താൻ കാര്യമായി എന്തെങ്കിലും ചെയ്യണമെന്നും ചെയ്യാൻ കഴിയുന്നില്ലെന്നും വ്യാഖ്യാനിക്കാവുന്ന വാക്കുകൾ. കിരീടം നിലനിർത്താൻ ''കഴിയുന്നതെല്ലാം ചെയ്യും''–എന്ന ആനന്ദിന്റെ വാക്കുകളിൽ പക്ഷേ, തിരിച്ചടിക്കാൻ ഏതറ്റംപോകുമെന്ന സൂചനയെക്കാൾ തന്റെ നിസ്സഹായത വെളിവാക്കുന്ന തുറന്ന മനസ്സാണ് വ്യക്തമായത്.
കളിക്കുശേഷമുള്ള വാർത്താസമ്മേളനത്തിൽ കരുനില വിശദീകരിക്കുന്നതിൽ അതിസൂക്ഷ്മത പുലർത്തുന്ന ആനന്ദിനോടു യോജിക്കുന്ന തലയാട്ടൽ മാത്രമാണ് മാഗ്നസിൽനിന്നുണ്ടാവാറ്. കൂടുതൽ ചോദിച്ചാൽ കിട്ടുക 'ഐ ഡോണ്ട് നോ'' എന്ന പ്രതിവചനം മാത്രം. എന്നാൽ പൊതു ചോദ്യങ്ങളോട് ചാംപ്യന്റെ ശരീരഭാഷയിൽ പ്രതികരിക്കാൻ മാഗ്നസ് പഠിച്ചുവരുന്നു.
''പണ്ടു ഞാൻ നിരന്തര ആക്രമണം ഇഷ്ടപ്പെടുന്ന പയ്യനായിരുന്നു. എന്നാൽ, കഴിഞ്ഞകുറച്ചുവർഷങ്ങളായി ശൈലിയിൽ മാറ്റം വരുത്തിയിട്ടുണ്ട്. '' എന്നു പറഞ്ഞ മാഗ്നസ് ആനന്ദിന്റെ നയത്തിനു വിരുദ്ധമായി എട്ടുകളികൾക്കു ശേഷവും തന്റെ സെക്കൻഡ്സ് (സഹായികൾ) ആരെന്നു വെളിപ്പെടുത്തിയില്ല. ചാംപ്യൻഷിപ്പ് അന്ത്യത്തോടടുക്കുമ്പോൾ താൻ അയയുകയല്ല, മുറുകകയാണ് എന്നതിന്റെ സൂചനയായിരുന്നു അത്.
●●●●
പതിവിനു വിരുദ്ധമായി മാധ്യമസമ്മേളത്തിലും മീഡിയ റൂമിലും വിദേശ മാധ്യമപ്രവർത്തകരുടെ തിരക്കേറി. യൂറോപ്പിൽനിന്നു വീണ്ടുമൊരു ചെസ് രാജാവിന്റെ കിരീടധാരണത്തിനു കാക്കുകയാണ് അവർ. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽനിന്നുള്ള ആദ്യ ലോക ചെസ് ചാംപ്യനെ വരവേൽക്കാനുള്ള ഒരുക്കത്തിലാണ് നോർവേയിൽനിന്നുള്ള മാധ്യമപ്രവർത്തകർ. നോർവേയ്ക്കു പുറമേ, ഡെൻമാർക്കിലെ പൊളിറ്റിക്കൻ പത്രത്തിൽനിന്നും കളി റിപ്പോർട്ട് ചെയ്യാൻ എത്തിയിട്ടുണ്ട്. കളിക്കുമുമ്പും കളിക്കിടെയും കളിക്കുശേഷവും മാഗ്നസിന്റെയും ടീമിന്റെയും വിഡിയോ എടുക്കുന്ന തിരക്കിലാണ് നോർവേയിൽനിന്നുള്ള ടിവിസംഘം. കളി കൂടാതെ ചാംപ്യൻഷിപ്പിനായി 100 മണിക്കൂർ സംപ്രേഷണമാണ് നോർവേ ബ്രോഡ്കാസ്റ്റിങ് കോർപറേഷൻ ഒരുക്കുന്നത്.